LIBRARY ARCHIVES Kerala Legislative Assembly

വധശ്രമ കേസ്സുകൾ

282 (259) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറു മാസത്തിനിടെ കൊയിലാണ്ടി, പേരാമ്പ്ര, പയ്യോളി, മേപ്പയ്യൂർ എന്നീ പോലീസ് സ്റ്റേഷനുളിൽ എത്ര വധശ്രമ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ കേസിലേയും പരാതിക്കാരും പ്രതികളും ആരൊക്കെയാണെന്നും, ഓരോ കേസിന്റെയും അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു എന്നും വിശദമാക്കുമോ;

(സി) ഇതിൽ എത്ര കേസുകളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചു എന്നും എത്ര പേരെ അറസ്റ്റു ചെയ്തു എന്നും വ്യക്തമാക്കുമോ;

(ഡി) നിസ്സാരമായ വാക്കു തർക്കങ്ങൾ നടന്ന കാര്യത്തിൽ പോലും രാഷ്ട്രീയ പക്ഷപാതത്തോടെ വധശ്രമത്തിനു കേസെടുത്തു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ആറുമാസത്തിനിടെ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ രണ്ടും പേരാമ്പ്ര, പയ്യോളി, മേപ്പയൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നും വീതം വധശ്രമകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* കൊടുത്തിരിക്കുന്നു.

(ഡി) രാഷ്ട്രീയ പക്ഷപാതത്തോടെ വധശ്രമത്തിന് കേസ്സെടുത്തുവെന്ന പരാതി കഴിഞ്ഞ 6 മാസക്കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട പോലീസ് റെയ്ഡ്

283 (260) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; അറസ്റ്റ് ചെയ്തവരിൽ എത്രപേരെ റിമാന്റ് ചെയ്യുകയുണ്ടായി; എത്ര ആളുകളുടെ പേരിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; ശിക്ഷിക്കപ്പെട്ടവർ എത്ര;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബ്ലേഡ് മാഫിയകൾക്കെതിരെ പോലീസ് നടത്തിയ റെയ്ഡുകളിൽ കണ്ടെത്തിയ മൊത്തം തുക എത്ര കോടിയായിരുന്നു എന്നും ഇതിൽ എത്ര തുക തിരികെ നൽകുകയുണ്ടായി എന്നും അറിയിക്കാമോ ;

(സി) പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ നാളിതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവർ എത്രയാണന്നു അറിയിക്കാമോ ;

(ഡി) ബ്ലേഡ് മാഫിയക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം

(എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം-2594. അറസ്റ്റ് ചെയ്തവരിൽ റിമാന്റ് ചെയ്യപ്പെട്ടവരുടെ എണ്ണം-1373. കോടതിയിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവരുടെ എണ്ണം-2459. അതിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം-3.

(ബി) ബ്ലേഡ് മാഫിയകൾക്കെതിരെ പോലീസ് നടത്തിയ റെയ്ഡുകളിൽ കണ്ടെത്തിയ മൊത്തം തുക 4,94,71,715 (നാലുകോടി തൊണ്ണൂറ്റി നാല് ലക്ഷത്തി എഴുപത്തൊന്നായിരത്തി എഴുന്നൂറ്റി പതിനഞ്ച്) രൂപ. തുക തിരികെ നൽകിയിട്ടില്ല.

(സി) പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ നാളിതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവരുടെ എണ്ണം-535.

(ഡി) ബ്ലേഡ് മാഫിയയ്ക്ക് ഒത്താശ ചെയ്തതിന്റെ പേരിൽ 7 പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം

284 (261) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റികൾക്ക് എല്ലാമായി നാളിതുവരെ എന്ത് തുക ചിലവാക്കി; ഏതെല്ലാം ഇനത്തിൽ; പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റി സ്ഥാപിതമായതു മുതൽ എത്ര പരാതികൾ പൊതുജനങ്ങളിൽ നിന്ന് ലഭിച്ചു; അവയിൽ എത്ര എണ്ണത്തിന് തീർപ്പുണ്ടാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly